# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1981 — 12/02/2013-ൽ മറുപടിയ്ക്ക്

### അന്തർസംസ്ഥാന നദീജല കരാറുകൾപ്രകാരം സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കാനുള്ള നടപടി.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എഫ്..തോമസ്<br>ശ്രീ.റ്റി. യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | **ശ്രീ.ഉമ്മൻ ചാണ്ടി**<br>(മുഖ്യമന്ത്രി) |
| എ) കഴിഞ്ഞ അരനൂറ്റാണ്ടു കാലത്തിലെ ഏറ്റവും കടുത്ത വരൾച്ചയെ സംസ്ഥാനം അഭിമുഖീ കരിക്കുന്ന സാഹചര്യത്തിൽ അത് നേരിടുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) മഴക്കുറവുമൂലം കേരളം നേരിടുന്ന അതിരൂക്ഷമായ വരൾച്ച കണക്കിലെടുത്ത് കുടിവെള്ളവും കൃഷി നിലനിറുത്തുന്നതിനുള്ള ജലവും വരും മാസങ്ങളിൽ പരമാവധി ലഭ്യമാക്കുന്നതിലേയ്ക്കായി മണൽചാക്കിട്ട് വെള്ളം ഒഴുകി പോകാതെ താല്ക്കാലിക തടയണ കെട്ടുന്നതിന് **ജല അതോറിറ്റിയ്ക്ക് 57 കോടി രൂപയും ജലസേചനവകുപ്പിന് 22 കോടി രൂപയും ഭൂഗർഭ ജലവകുപ്പിന് നിർദ്ദേശിച്ച കുഴൽ കിണർ കുഴിക്കുന്നതിന് ആവശ്യമായ 13 കോടി രൂപ ഉൾപ്പെടെ മൊത്തം 92 കോടി രൂപയ്ക്കുള്ള** ഭരണാനുമതി നൽകികൊണ്ട് 02/0213-ലെ സർക്കാർ ഉത്തരവ് **(ആർ.റ്റി) നം. 93/13/ജവിവ** പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>കൂടാതെ മഴക്കുറവ് മൂലം കേരളം നേരിടുന്ന അതിരൂക്ഷമായ വരൾച്ച കണക്കിലെടുത്ത് ആസ് |

ബെസ്റ്റോസ്, പൈപ്പുകൾ എന്നിവ പൊട്ടിയത് മൂലം അവശ്യം വേണ്ടുന്ന അറ്റകുറ്റപണികൾ ഏറ്റെടുക്കുന്നതിനു വേണ്ടിയും ആവശ്യമായ ഭരണാനുമതി 02/02/13-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 94/13/ജവിവ പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് നൽകി ഉത്തരവായിട്ടുണ്ട്.

ബി) അന്തർ സംസ്ഥാന നദീ ജല കരാറുകൾപ്രകാരം കേരളത്തിന് ലഭിക്കേണ്ട മുഴുവൻ ജലവും സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ബി) 1970-ൽ കേരളവും തമിഴ്നാടും തമ്മിൽ 1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പുവച്ച പറമ്പിക്കുളം - ആളിയാർ പദ്ധതി (PAP) കരാർ പ്രകാരം കേരളത്തിന് ഒരു ജലവർഷം (ജൂലായ് 1 മുതൽ ജൂൺ 30 വരെ) ചിറ്റൂർപുഴ പദ്ധതി പ്രദേശത്തെ കാർഷികാവശ്യങ്ങൾക്കായി മണക്കടവ് വിയറിൽ 7.25Tmcft ജലവും, ചാലക്കുടി നദീതടത്തിൽ കേരള ഷോളയാറിലേക്ക് 12.3 Tmcft ജലവും പെരിയാർ നദീതടത്തിലെ നീരാർ വിയറിൽ നിന്നുള്ള ജലം ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള കാലയളവിലേക്കും., ലോവർ നീരാർ ഡാമിന്റെയും, പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം ഡാമുകളുടെയും വൃഷ്ടി പ്രദേശത്തുള്ള ജലം ഒരുമിച്ചു കണക്കാക്കി 16.5 Tmcft -ൽ അധികമായി വരുന്ന 2.5 Tmcft ജലം കേരളത്തിലെ ചിറ്റൂർപുഴ പദ്ധതി പ്രദേശത്തെ ജലസേചനത്തിനും, ശേഷിക്കുന്ന ജലം പുഴയിലേക്കും തമിഴ്നാട് ലഭ്യമാക്കേണ്ടതാണ്. പി.എ.പി കരാർ അനുസരിച്ച് കേരളത്തിന് ലഭിക്കേണ്ട ജലം, മുഴു വനായും കേരളത്തിന് ലഭിച്ചുവരുന്നില്ല. 19/08/1973-ൽ കേരളവും തമിഴ്നാടും തമ്മിൽ ഒപ്പുവച്ച

ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം 5 cusecs ജലം കേരളത്തിന്റെ കീഴ് നദീതട അവകാശം സംരക്ഷിക്കുന്നതിനുവേണ്ടി ലഭിക്കേണ്ടതാണ്. ഈ ജലം കേരളത്തിന് ലഭിക്കുന്നുണ്ട്. കർണ്ണാടക സംസ്ഥാനവുമായി കരാർ ഒപ്പ് വച്ചിട്ടില്ല.

പി.എ.പി കരാർ പ്രകാരമുള്ള ജലം കേരളത്തിന് ലഭിയ്ക്കുന്നതിന് സംയുക്ത ജല ക്രമീകരണ ബോർഡ് യോഗങ്ങളിൽ ശക്തമായ സമ്മർദ്ദം ചെലുത്തി വരുന്നു. കൂടാതെ കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കുന്നതിന് ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലും തമിഴ്നാട് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 26/12/12-ലെ അസാധാരണ സംയുക്ത ജലക്രമീകരണ ബോർഡ് യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇരു സംസ്ഥാനങ്ങളിലെയും ജലവിഭവ സെക്രട്ടറി തലത്തിലുള്ള ഒരു ചർച്ച നടത്തുവാൻ തമിഴ്നാട് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഇരുസംസ്ഥാനങ്ങളിലേയും ജലവിഭവ മന്ത്രിതലത്തിൽ ഒരു കൂടിക്കാഴ്ചയ്ക്ക് സമയം ചോദിച്ചിട്ടുണ്ട്. കൂടാതെ 30/01/2013-ൽ ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും തമിഴ്നാട് മുഖ്യമന്ത്രിയുമായി ഈ വിഷയം ചർച്ച ചെയ്യുന്നതിന് ബഹു.മുഖ്യമന്ത്രിയെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് ബഹു. മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിയോട് കൂടിക്കാഴ്ചയ്ക്ക് സമയം ചോദിച്ചിട്ടുണ്ട്.

കരാർ പ്രകാരമുള്ള ജലം ലഭിക്കാത്ത സാഹചര്യത്തിൽ തമിഴ്നാട് സർക്കാരിനെതിരെ സുപ്രീംകോടതിയെ സമീപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം [illegible] സത്യമാണ്